(സി) മുഖ്യമന്ത്രിയും വിദ്യാഭ്യാസ പൊതുമരാമത്തു വകുപ്പുമന്ത്രിയും മലേഷ്യ സന്ദർശിച്ചു. വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി വേറെ രാജ്യങ്ങൾ സന്ദർശിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മുഖ്യമന്ത്രിയുടെ വിമാനയാത്ര കൂലിയിനത്തിൽ ചെലവായ തുക

5 (5) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ വിദേശയാത്രകൾക്കായി വിമാനയാത്രാ കൂലിയിനത്തിൽ എത്ര രൂപ ചെലവായി എന്ന് വെളിപ്പെടുത്താമോ ;

(ബി) ഓഡേപെക്ക് മുഖേന വിദേശയാത്രാടിക്കറ്റ് എടുക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ഇതിലേതെങ്കിലും യാത്രയ്ക്കുള്ള ടിക്കറ്റ് സ്വകാര്യ ഏജൻസിയിൽ നിന്നും എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ സ്വകാര്യ ഏജൻസിയിൽ നിന്നും മുൻകൂർ തുക നൽകിയാണോ ടിക്കറ്റെടുത്തതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഏതെങ്കിലും വിദേശ സ്വകാര്യ ഏജൻസി മുഖേന ലഭ്യമാക്കിയ വിമാനടിക്കറ്റ് ഏതെങ്കിലും വിദേശയാത്രയ്ക്ക് ഉപയോഗിച്ചിട്ടുണ്ടോ ;

(ഇ) വിദേശ ഗവൺമെന്റിന്റെയോ ഏജൻസിയുടെയോ അതിഥിയായി വിദേശയാത്ര നടത്തിയതിന്റെ ചെലവ് സംസ്ഥാന സർക്കാരിൽ നിന്നും എഴുതി വാങ്ങിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഏത് യാത്രയുടെ ചെലവാണ് എഴുതിവാങ്ങിയിരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 660335 രൂപ

(ബി&സി) ഒഡേപെക്ക് മുഖേന വിദേശവിമാന യാത്രാടിക്കറ്റ് എടുക്കണമെന്ന വ്യവസ്ഥയൊന്നും നിലവിലില്ല.

(ഡി&ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

പ്ലസ് ടൂ കോഴ്സ് അനുവദിച്ചതിന്റെ പേരിൽ പണം കൈപ്പറ്റിയവരുടെ ലിസ്റ്റ്

6 (6) ശ്രീ. കെ. സുധാകരൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 വർഷത്തിൽ പ്ലസ് ടൂ കോഴ്സ് അനുവദിച്ചതിന്റെ പേരിൽ ആരെങ്കിലും പണം കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ ലിസ്റ്റ് ഗവൺമെന്റിന്റെ പക്കലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അവർ ആരെല്ലാമെന്ന് പറയുമോ ;

(സി) ഇവർക്കെതിരെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ വഴിയോ ലോകായുക്ത വഴിയോ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് പറയുമോ ;

(ഡി) ഒരു നടപടിയും എടുക്കാത്ത പക്ഷം കാരണമെന്ത് ?

ഉത്തരം

(എ&ബി) 2000-2001 -ൽ പ്ലസ് ടൂ കോഴ്സ് അനുവദിച്ചതിന്റെ പേരിൽ ആരെങ്കിലും പണം കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാഷ്ട്രീയ ഉദ്ദേശത്തോടെയുള്ള ആരോപണങ്ങളല്ലാതെ തെളിവു സഹിതമുള്ള യാതൊരു പരാതിയും സർക്കാരിനു ലഭിച്ചിട്ടില്ല.

(സി&ഡി) ഇതേക്കുറിച്ച് ചില പരാതികൾ ലോകായുക്ത പരിശോധിച്ചു വരുന്നതായി അറിയുന്നു.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് നടപടി

7 (7) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ വിമാനത്താവള വികസനത്തിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെ തുടർന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം തിരുവനന്തപുരം വിമാനത്താവളത്തിന്റെ ദീർഘകാല വികസനപദ്ധതികളെകുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വേണ്ടി, കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ ഉൾപ്പെട്ട ഒരു സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിലാണ് തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസന പദ്ധതികൾക്ക് അന്തിമ രൂപം നൽകിയിട്ടുള്ളത്. ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ ശുപാർശ നൽകിയിട്ടുള്ള പ്രസ്തുത റിപ്പോർട്ടിൽ, വിമാനത്താവളത്തിന്റെ നിലവിലുള്ള പരിമിതികൾ പരിഗണിച്ച് ഒന്നാം ഘട്ടത്തിൽ രണ്ടു ലക്ഷം സ്കയർ ഫീറ്റ് (2,00,000 സ്കയർ ഫീറ്റ്) വലിപ്പമുള്ള ഒരു പുതിയ രാഷ്ട്രാന്തരീയ ടെർമിനൽ ചാക്ക ഭാഗത്തായി നിർമ്മിക്കണമെന്നാണ് പ്രധാനമായും നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) നെടുമ്പാശ്ശേരി, കോഴിക്കോട് മാതൃകയിൽ തിരുവനന്തപുരം വിമാനത്താവള വികസന സൊസൈറ്റി മുഖാന്തിരം പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള സംസ്ഥാന മന്ത്രിസഭാ തീരുമാന ഉത്തരവ് കഴിഞ്ഞ മാർച്ചിൽ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ തീരുമാനം കേന്ദ്ര വ്യോമയാന

LIBRARY ARCHIVES Kerala Legislative Assembly